# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,

## അഗ്രികൾച്ചർ കോളേജ്, വെള്ളാനിക്കര

Email: cohagmet@kau.in&kauagmet@yahoo.co.in

## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## തൃശ്ശൂർജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എ.എസ് 37/2021 (74) വെള്ളിയാഴ്ച** — **തീയ്യതി 10.09.2021**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ 131.2 മി.മീ മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 27.4 മുതൽ 30.8 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 23.1 മുതൽ 24.3 ഡിഗ്രിസെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 96 മുതൽ 100 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 66 മുതൽ 98 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 0.5 മുതൽ 3.2 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 0.0 മുതൽ 4.1 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 1.4 മുതൽ 2.8 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 11.09.2021 | 12.09.2021 | 13.09.2021 | 14.09.2021 | 15.09.2021 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 10 | 10 | 20 | 40 | 40 |
| ഉയർന്ന താപനില (°C) | 31 | 31 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 23 | 23 | 22 | 22 | 22 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 98 | 98 | 98 | 98 | 98 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 76 | 76 | 76 | 76 | 76 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 6 | 6 | 6 | 5 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 250 | 250 | 250 | 270 |
| മേഘവ്യാപ്തി (ഒക്ട) | 7 | 8 | 8 | 8 | 8 |
| ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരി മഴ ലഭിക്കാൻ സാധ്യത. | | | | | |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ: മഴയില്ലാത്ത സമയത്തു മാത്രം കീടനാശിനി പ്രയോഗം നടത്താവൂ.** | | |
| നെല്ല് (വിരിപ്പ്) **പാലുറയ്ക്കുന്ന പരുവം** | ചാഴി | നെല്ലിലെ ചാഴിയെ നിയന്ത്രിക്കാൻ രണ്ട് മി.ലി മാലത്തിയോൺ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. (ചാഴിക്കെതിരെ കീടനാശിനികൾ പ്രയോഗിക്കുന്നത് രാവിലെ 9 മണിക്ക് മുമ്പോ, വൈകീട്ട് 3 മണിക്കു ശേഷമോ ആയിരിക്കണം അല്ലെങ്കിൽ മരുന്നുതളി പരാഗണത്തെ പ്രതികൂലമായി ബാധിക്കും.) |
| നെല്ല് (മുണ്ടകൻ) | നിലം ഒരുക്കൽ | മുണ്ടകൻ കൃഷി ഇറക്കുന്ന കോൾ പാടങ്ങളിൽ നിലം ഒരുക്കി കുമ്മായം ഇട്ടുകൊടുക്കുകയും, ഞാറ്റടി തയ്യാറാക്കുകയും ചെയ്യാവുന്നതാണ്. ഞാറ്റടി തയ്യാറാക്കുന്നതിനു മുൻപ് വിത്ത് സ്യൂഡോമോണോസുമായി കൂട്ടികലർത്തുന്നത് രോഗബാധയകറ്റുന്നതിനു സഹായിക്കും. (ഒരു കിലോഗ്രാം വിത്തിന് പത്ത് ഗ്രാം സ്യൂഡോമോണാസ് എന്ന തോതിൽ കലർത്തുക). |
| കുരുമുളക് | ദ്രുതവാട്ടം | മഴക്കാലത്ത് കുരുമുളകിലെ ദ്രുതവാട്ട രോഗത്തെ പ്രതിരോധിക്കാനായി രണ്ടു കിലോ ട്രൈക്കോഡർമ, 90 കിലോ ചാണകപ്പൊടിയും, 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്ക വണ്ണം രണ്ടാഴ്ച്ചത്തേയ്ക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക. |
| കുരുമുളക് | സാവധാന വാട്ടം | കുരുമുളകിൽ സാവധാന വാട്ട രോഗത്തെ നിയന്ത്രിക്കുന്നതിനായി, മൂന്ന് ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഓരോ ചെടിയുടെ ചുവട്ടിലും മണ്ണു കുതിരത്തക്ക വണ്ണം ഒഴിച്ചു കൊടുക്കുക. |
| കവുങ്ങ് | മഹാളി രോഗം | കൃഷിയിടം വൃത്തിയായി സൂക്ഷിക്കുക. പൂർണ്ണമായും രോഗം ബാധിച്ച മരങ്ങൾ നശിപ്പിക്കുക.പ്രതിരോധ നടപടിയായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുക. അല്ലെങ്കിൽ രണ്ട് ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ പശ ചേർത്ത് 45 ദിവസത്തെ ഇടവേളകളിൽ തളിച്ചു കൊടുക്കുക. |
| ജാതി | ഇലപൊഴിച്ചിൽ | മഴക്കാലത്ത് ജാതിയിൽ ഇലപൊഴിച്ചിൽ വരാതിരിക്കാനുള്ള മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം കലക്കി തളിച്ചു കൊടുക്കാവുന്നതാണ്. |
| ഇഞ്ചി, മഞ്ഞൾ | തണ്ടുതുരപ്പൻ | ഇഞ്ചി, മഞ്ഞൾ എന്നിവയിൽ തണ്ടുതുരപ്പന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇതിനു പ്രതിവിധിയായി ബ്യുവേറിയ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| പച്ചക്കറികൾ വെള്ളരിവർഗ്ഗങ്ങൾ | മൃദുരോമപൂപ്പ് | അന്തരീക്ഷ ആർദ്രത കൂടുന്നതുമൂലം വെള്ളരിവർഗ്ഗ പച്ചക്കറികളിൽ മൃദുരോമപൂപ്പ് എന്ന കുമിൾ രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി 2.5 ഗ്രാം മാങ്കോസെബ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഇലയുടെ അടിയിൽ പതിയത്തക്ക വിധത്തിൽ തളിക്കുക. |
| പച്ചക്കറികൾ (മുളക് ) | കരിവള്ളിക്കേട് | മഴക്കാലത്ത് മുളകിൽ കരിവള്ളിക്കേട് എന്ന രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി 1% വീര്യമുള്ള ബോർഡോമിശ്രിതം കലക്കി തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| മൃഗസംരക്ഷണം | കാലിതൊഴുത്തിന്റെ പരിസര പ്രദേശങ്ങളിൽ വെള്ളം കെട്ടി നിന്ന് കൊതുക് പെരുകുന്നത് തടയുക. ആവശ്യമെങ്കിൽ പശുക്കളുടെ ശരീരത്തിലോ, തൊഴുത്തിലോ കൊതുകിനും ഈച്ചക്കും എതിരേയുള്ള മരുന്ന് വിദഗ്ദോപദേശപ്രകാരം ഉപയോഗിക്കേണ്ടതാണ്. (caadeccs, kvasu,മണ്ണുത്തി) | |